## Feroke Co-operative Urban Bank Ltd.
## ഇലക്ഷൻ സംബന്ധിച്ച ബൈലോ / സഹകരണ നിയമ വ്യവസ്ഥകൾ

കഴിഞ്ഞ തെരഞ്ഞെടുപ്പ് തീയതി : 12 .05 .2018
നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 11 .05 .2023 ന് അവസാനിക്കും.
(മെയ് 1 ന് തെരഞ്ഞെടുപ്പ് നിശ്ചയിച്ചതിനാൽ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി ഏപ്രിൽ 30 ന് അവസാനിക്കും. പുതിയ ഭരണസമിതി മെയ് 1 ന് നിലവിൽ വരും.)

60 ദിവസം മുൻപ് ഇലക്ഷൻ സംബന്ധിച്ച തീരുമാനം ഭരണസമിതി കൈക്കൊണ്ട് അറിയിക്കണം. ഇലക്ഷൻ തീയതി, സ്ഥലം സമയം മുതലായവ തീരുമാനിക്കണം. 11 .05 .2023 ന മുൻപുള്ള തീയതിയിൽ ഇലക്ഷൻ നടത്തണം. രണ്ടാഴ്ച മുൻപെങ്കിലുമുള്ള തീയതി നിശ്ചയിക്കുന്നതാവും നല്ലത്.

ഇലക്ഷൻ തീയതിയ്ക്ക് 60 ദിവസം മുൻപ് അംഗത്വം ഉള്ളവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ. വോട്ടർ പട്ടികയിൽ പേരുള്ളവർക്ക് മാത്രമേ മത്സരിക്കാൻ കഴിയുകയുള്ളൂ.

13 അംഗ ഭരണസമിതിയാണ് ഉള്ളത്
അതിൽ രണ്ടു സീറ്റുകൾ പ്രൊഫഷണൽ ഡയറക്ടർമാർ
മൂന്നു സീറ്റുകൾ വനിതാ സംവരണം
ഒരു സീറ്റ് പട്ടികജാതി / പട്ടികവർഗ സംവരണം
ഒരു സീറ്റ് നിക്ഷേപകരുടെ സംവരണം (കുറഞ്ഞത് 10,000 രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ടായിരിക്കണം)
(ഇങ്ങനെയാണ് ബൈലോ പ്രകാരം)

## ഇലക്ഷൻ സംബന്ധിച്ച ബി ആർ ആക്ട് നിബന്ധനകൾ
എന്നാൽ പുതിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതി പ്രകാരം 13 ൽ ഏഴു ഡയറക്ടർമാർ താഴെ കൊടുക്കുന്ന വിഷയങ്ങളിൽ പ്രത്യേക വിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവർ ആയിരിക്കണം. (Special Knowledge or Practical Experience)

1. അക്കൗണ്ടൻസി
2. കൃഷി, ഗ്രാമീണ ധന ശാസ്ത്രം
3. ബാങ്കിംഗ്
4. സഹകരണം
5. ധനതത്വ ശാസ്ത്രം
6. സാമ്പത്തിക ശാസ്ത്രം
7. നിയമം
8. ചെറുകിട വ്യവസായം

ഈ ഏഴിൽ രണ്ടു പേർ നിർബന്ധമായും കൃഷി, ഗ്രാമീണ ധന ശാസ്ത്രം, സഹകരണം, ചെറുകിട വ്യവസായം എന്നിവയിൽ ഏതിലെങ്കിലും പ്രത്യേക വിജ്ഞാനമോ പ്രായോഗിക പരിചയമോ ഉള്ളവർ ആയിരിക്കണം.

ഈ ഏഴു ഡയറക്ടർമാർ വാണിജ്യ – വ്യവസായ – വ്യാപാര രംഗത്തുള്ള ഏതെങ്കിലും കമ്പനിയുമായോ പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനവുമായോ, മറ്റേതെങ്കിലും തരം സ്ഥാപനവുമായോ ജീവനക്കാർ എന്ന നിലയിലോ മാനേജിംഗ് എന്ന നിലയിലോ ബന്ധം ഉള്ളവർ ആയിരിക്കരുത്. (എന്നാൽ ചെറുകിട വ്യവസായം ഇതിൽ ഉൾപ്പെടില്ല)

തുടർച്ചയായി എട്ടു കൊല്ലത്തിലധികം ഒരാൾ അർബൻ സഹകരണ ബാങ്കുകളുടെ ഡയറക്ടർ സ്ഥാനത്ത് തുടരാൻ പാടില്ല. എട്ടുകൊല്ലം തികഞ്ഞ ഒരു ഡയറക്ടർ പിന്നീട് നാല് കൊല്ലം കഴിഞ്ഞാലേ ഭരണസമിതിയിൽ ഉൾപ്പെടാൻ അർഹത നേടുന്നുള്ളൂ. ഇത് ചെയർമാനും whole time director ക്കും ബാധകമാണ്.

ഫുൾ ടൈം ചെയർമാൻ നിശ്ചിത യോഗ്യത ഉള്ള ആൾ ആയിരിക്കണം. ഫുൾ ടൈം ചെയർമാൻ ആണ് ഉള്ളതെങ്കിൽ ബാങ്കിന്റെ മുഴുവൻ അധികാരവും ചുമതലയും അദ്ദേഹത്തിന് ആയിരിക്കും.

പാർട്ട് ടൈം ചെയർമാനെ നിശ്ചയിക്കണമെങ്കിൽ ആർ ബി ഐ യുടെ മുൻകൂർ അനുമതി ആവശ്യമാണ്. പാർട് ടൈം ചെയർമാൻ ഉള്ള ബാങ്കുകളിൽ നിശ്ചിത യോഗ്യതയുള്ള എം ഡി ഉണ്ടായിരിക്കണം. ബാങ്കിന്റെ മുഴുവൻ അധികാരവും ചുമതലയും എം ഡിയ്ക്ക് ആയിരിക്കും.

---

ഇലക്ഷൻ മെയ് ഒന്നിനാണെങ്കിൽ ഫെബ്രുവരി 28 നകം ബാങ്കിൽ അംഗത്വം എടുക്കുന്നവർക്ക് മാത്രമേ വോട്ടവകാശവും മൽസരിക്കുവാനുള്ള അവകാശവും ഉണ്ടാവുകയുള്ളൂ. അതായത്, അംഗത്വ അപേക്ഷകൾ ഫെബ്രുവരി 28 നകം ഭരണസമിതി അംഗീകരിച്ചിരിക്കണം.

S/d
Rajesh K,
GM / CEO
Dated : 27th March 2023